റൂട്ട് മാറ്റിയാണ് ഓടിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് തീരദേശത്തെ ചില പ്രദേശങ്ങളിലെ ജനങ്ങൾക്ക് അക്ഷരാർത്ഥത്തിൽ ഗതാഗത സൗകര്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ആലപ്പുഴ ജില്ലയോടും തീരദേശത്തോടും എന്തിനാണ് അവഗണന കാണിക്കുന്നത് ? കഴിഞ്ഞ 3 വർഷങ്ങളായി ആലപ്പുഴ ജില്ലയ്ക്ക് അനുവദിക്കുന്ന പൊതുമരാമത്തു വകുപ്പിന്റെ തുകയിൽ നിന്നും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള വീതാംശം നൽകുന്നില്ല. കഴിഞ്ഞ 3 വർഷമായി തീരദേശ റോഡിന്റെ അറ്റുകുറ്റപ്പണി ചെയ്തിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തണമെന്നാണ് എന്റെ അപേക്ഷ. കൂടാതെ ഈ റോഡ് നാഷണൽ ഹൈവേയ്ക്ക് സമാന്തരമായി കിടക്കുകയാണ്. ഇത് സ്റ്റേറ്റ് ഹൈവേയായിട്ട് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് കേന്ദ്ര സഹായത്തോടുകൂടി സ്റ്റേറ്റ് ഹൈവേയാക്കി കൊടുക്കാൻ ലിസ്റ്റിൽപ്പെടുത്തിയതാണ്. പക്ഷെ അത് അനുവദിച്ചിട്ടില്ല. ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ വിഷയം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഗൗരിയമ്മ ഉന്നയിച്ചതാണ്. അതിന് ഞാൻ മറുപടിയും പറഞ്ഞതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾതന്നെ ഈ റോഡ് വളരെ മോശമാണ്. കഴിഞ്ഞ ഗവൺമെന്റും അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. അതുകൊണ്ടാണ്, ഈ പ്രശ്നത്തിൽ ഓരോ റീച്ചുകളായിട്ടെടുത്താണ് വർക്കുകളൊക്കെ ടെന്റർ ചെയ്യുന്നത്. ടെന്റർ ചെയ്ത വർക്കുകൾക്ക് നിശ്ചിത ശതമാനം കൂട്ടി ടെന്റർ കമ്മിറ്റി അംഗീകാരം കൊടുത്തതിനു ശേഷം കോൺട്രാക്റ്റേഴ്സ് എഗ്രിമെന്റ് വയ്ക്കാതിരിക്കുക, വീണ്ടും ടെന്റർ ചെയ്യുക. ആ നടപടിയല്ലേ നമുക്ക് സ്വീകരിക്കാൻ കഴിയൂ. ഇതൊക്കെയാണെങ്കിലും മഴക്കാലത്തും പ്രശ്നമുണ്ടായാൽ ബസ് ഓടത്തക്കവണ്ണം അടിയന്തരമായ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള ഏർപ്പാടാക്കി. മറ്റു റീച്ചുകളുടെ കാര്യത്തിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു അലംഭാവവും ഉണ്ടാവുകയില്ല. ടെന്റർ ചെയ്ത വർക്കുകൾ നടത്തുന്നതിനുള്ള നടപടികൾ എല്ലാ റീച്ചുകളെ സംബന്ധിച്ചും സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും റീച്ച് വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അത് ടെന്റർ ചെയ്യാനുള്ള നടപടി സ്വീകരിക്കും, അത് പ്രത്യേകം പരിശോധിക്കാം.

(6) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് ആശുപത്രി വികസനം

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ആതുരചികിത്സാ രംഗത്തുള്ള വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലേയ്ക്ക് ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അരീക്കോട് ആശുപത്രി നാലഞ്ചു പഞ്ചായത്തുകളിലെ സാധാരണക്കാരുടെ ഏക ആശ്രയമാണ്. അതിന്റെ വികസനത്തിനുവേണ്ടി എച്ച്. ഡി. സിയും നാട്ടുകാരും സർവകക്ഷിയും നിരന്തരമായ നിവേദനങ്ങൾ നടത്തിയിട്ടും യാതൊരു ചലനവും ഉണ്ടായിട്ടില്ല. പാർലമെന്റ് മെമ്പർ ശ്രീ. ഇ. അഹമ്മദിന്റെ എം. പി. ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ഒരു വാർഡു നിർമ്മിക്കാൻ അനുവദിച്ച് പണം നൽകിയിട്ടുണ്ടെങ്കിലും ആവശ്യമായ സ്റ്റാഫും അതുപോലെ മറ്റുപകരണങ്ങളും നൽകാത്തതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ അത് തുടങ്ങാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് അരീക്കോട് ആശുപത്രി വികസിപ്പിക്കുവാനും കിടക്കകളുടെ എണ്ണം നൂറായി വർദ്ധിപ്പിക്കുവാനുമുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ കുഴിമണ്ണ, ഓമാന്നൂർ, തൃപ്പനഞ്ചി, ട്രൈബൽ ഹോസ്പ്പിറ്റലായ വെറ്റിലപ്പാറ ഇതൊക്കെ അടച്ചുപൂട്ടിയെന്ന് പറയുന്നില്ല; അഡ്മിഷൻ നിർത്തിവച്ചിരിക്കുകയാണ്. ഡോക്ടർമാർ ഉണ്ടായിട്ടുപോലും പാവപ്പെട്ട രോഗികളെ അവിടെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങളില്ല. കെട്ടിടങ്ങളുണ്ടായിട്ടും അഡ്മിഷൻ നടക്കുന്നില്ല. ഈ കുറ്റകരമായ അനാസ്ഥ ആരുടേതാണെന്ന് മനസ്സിലാക്കി അതിന് പരിഹാരം കാണണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഗ്രാമപഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനുമാണ് ആശുപത്രിയുടെ ഉത്തരവാദിത്വമെന്ന് പറയുന്നുണ്ട്. ഞാനത് അംഗീകരിക്കുന്നുണ്ട്. പക്ഷെ അടച്ചുപൂട്ടലും അതുപോലുള്ള കാര്യങ്ങളും നടക്കുന്നതിൽ പഞ്ചായത്തുകളുടെ കാര്യങ്ങൾ പറയാതെ നടപടികളുണ്ടാക്കി ഈ പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് അപേക്ഷിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : അരീക്കോടിലെ ഡിസ്പെൻസറിയാണ് പിന്നീട് പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. അവിടെ കെട്ടിടങ്ങളൊക്കെയുണ്ട്. പല ആശുപത്രികളിലും കെട്ടിടങ്ങൾ പണിതിട്ടും കുറെ കാലങ്ങളായി സ്റ്റാഫിനെ കൊടുക്കാത്തതു കൊണ്ടും മറ്റും പലതും തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. ഇത് കണക്കിലെടുത്താണ് ഗവൺമെന്റ് ഇക്കൊല്ലം ഇത്തരം സ്ഥാപനങ്ങൾക്ക് സ്റ്റാഫിനെ കൊടുക്കുവാൻ ഒരു കോടിരൂപ ബഡ്ജറ്റിൽ നീക്കിവച്ചത്. നിയമസഭ ഇത് പാസ്സാക്കുന്ന മുറയ്ക്ക് ഇതുമായുള്ള നടപടികൾ പൂർത്തീകരിക്കും. ഇത്തരത്തിലുള്ള പരാതികൾ അതോടുകൂടി പരിഹരിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു. അരീക്കോടിന്റെ കാര്യം അപ്പോൾ പരിഗണിക്കുന്നതാണ്. ഓമാന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ഇവിടെ പ്രശ്നങ്ങളുണ്ടായിരുന്നു. ഇപ്പോൾ തസ്തിക അനുവദിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. എന്നാൽ കുഴിമണ്ണ, തൃപ്പനാഞ്ചി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇപ്പോൾ രണ്ട് ഡോക്ടർമാർ വീതമുണ്ട്. എങ്കിലും ഡോക്ടർമാർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് തുടങ്ങിയ പ്രശ്നങ്ങളുള്ളതുകൊണ്ട് ഡോക്ടർമാർ താമസിക്കുന്നില്ലായെന്നുള്ള പരാതിയുണ്ട്. ഡോക്ടർമാർ അവിടെ താമസിക്കുന്നില്ലായെങ്കിൽ രാത്രിയിൽ രോഗികളെ കിടത്തുന്നത് പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് ജൂലൈ 3-ന് ബ്ലോക്ക് തലത്തിലും 6-ന് ജില്ലാതലത്തിലും കോൺഫറൻസ് വിളിച്ച് ചർച്ച നടത്തുകയും രണ്ടുസ്ഥലത്തും രോഗികളെ കിടത്തുന്നതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. അരീക്കോട് ആശുപത്രിയിൽ 35 കിടക്കകളാണുള്ളത്. അവിടെയും രോഗികളെ കിടത്തി ചികിത്സിച്ചുവരുന്നു. പക്ഷെ രോഗിളുടെ എണ്ണം കൂടുതലാണ്. 100 കിടക്കകളാക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അധികാര വികേന്ദ്രീകരണത്തിന്റെ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത് 1995 ഡിസംബർ 23 നാണ്. ഇപ്പോൾ പുതുതായി കൊടുത്തതല്ല. ജില്ലാ പഞ്ചായത്തിനേ ഇപ്പോൾ കൊടുത്തിട്ടുള്ളൂ. ബാക്കിയെല്ലാം നേരത്തെ കൊടുത്തതാണ്. കെട്ടിടമുണ്ടാക്കാനുള്ള എ.എസ്സും., റ്റി.എസ്സുമൊക്കെ അവരാണു നോക്കേണ്ടതെന്ന് അസംബ്ലിയിൽ പാസ്സാക്കിയ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവിറക്കിയത്. അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തിരിച്ചെടുക്കാതെ ഇന്നത്തെ വ്യവസ്ഥ പ്രകാരം ഇതിന് പരിഹാരം കാണാൻ കഴിയുകയില്ല. ഇതൊരു വസ്തുതയാണ്. അവർക്ക് അതിനാവശ്യമായ സംഖ്യ കൊടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് 4 കോടിയോളം രൂപ പ്രത്യേകം കൊടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തിനും പണം കൊടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് സ്ഥാപനമുണ്ടായിരുന്നില്ല. ഗ്രാമപഞ്ചായത്തിന് കൊടുത്തു. പക്ഷെ അധികം കൊടുത്തിട്ടില്ല. രണ്ട്, രണ്ടരകോടി രൂപയേ അവർക്ക് കൊടുത്തിട്ടുള്ളൂ. അവരും അവരുടെ ജനകീയാസൂത്രണത്തിലൊക്കെ പരമാവധി മുൻഗണനകൊടുത്ത് കെട്ടിടങ്ങളൊക്കെ ഉണ്ടാക്കുകയാണ്. സ്റ്റാഫിനെ നിയമിക്കാൻ അവർക്ക് ഒക്കുകയില്ല. അതിനുള്ള അധികാരം ഗവൺമെന്റിന് തന്നെയാണ്. പണത്തിന്റെ ദൗർലഭ്യമുള്ളതുകൊണ്ടാണ് അതിന് കഴിയാതെ പോയത്. അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി ഹോസ്പ്പിറ്റലുകളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. നല്ല പ്രവർത്തനം നടക്കുന്നതുകൊണ്ടാണ് രോഗികളുടെ എണ്ണം കൂടുന്നത്. അപ്പോഴാണ് ബെഡ് കൂട്ടണമെന്ന വാദം വരുന്നത്. ബെഡ് കൂട്ടണമെന്ന് ആവശ്യമുള്ളതിന്റെ അർത്ഥം ആ ആശുപത്രി നന്നായി പ്രവർത്തിക്കുന്നു എന്നാണ്. അതുകൊണ്ടാണ് രോഗികൾ വരുന്നത്. ആ പ്രശ്നം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. അത് പരിഹരിക്കാൻ ശ്രമിക്കുകയാണ്.

(7) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഭരണ പ്രതിസന്ധി

ശ്രീ. രാജു എബ്രഹാം : സർ, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്ന ഭരണസ്തംഭനം ഒഴിവാക്കാൻ അടിയന്തിരമായി സർക്കാർ ഇടപെടണം. സിൻഡിക്കേറ്റ് ഒരുവശത്തും വി. സി. മറുവശത്തും നിലയുറപ്പിച്ചു പോകുന്നതുമൂലം സിൻഡിക്കേറ്റ് തീരുമാനങ്ങളൊന്നും നടപ്പാകുന്നില്ല. ചെറുവണ്ണൂർ ഭൂമി ഇടപാടു മുതൽ ആരംഭിച്ച പ്രശ്നമാണിത്. ഹൈക്കോടതിയിൽ നടക്കുന്ന കേസ് അവസാനിപ്പിക്കുവാൻ സർക്കാർ അടിയന്തിരമായി ഇടപെടണം. ഇന്നലെ 7 സിൻഡിക്കേറ്റ് മെമ്പർമാർ വി. സി. യ്ക്കെതിരെ പരസ്യ പ്രസ്താവനയിറക്കിയിരിക്കുകയാണ്. തൊടുപുഴ എഞ്ചിനീയറിംഗ് കോളേജ്, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ അഡ്മിഷൻ നിർത്തിവയ്ക്കാൻ വി. സി. ഇന്നലെ ഉത്തരവിട്ടിരിക്കുകയാണ്. ഇതിന് അടിയന്തിര പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, യൂണിവേഴ്സിറ്റിയിൽ വി. സി. യും സിൻഡിക്കേറ്റും തമ്മിലുള്ള ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. അത് യൂണിവേഴ്സിറ്റിയുടെ ഭരണത്തെ സ്തംഭിപ്പിക്കുന്നു എന്നുള്ള പത്രവാർത്തകളൊക്കെ വന്നുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തെ സംബന്ധിച്ച് പ്രത്യേകമായി അന്വേഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly